# കേരളീയം

# ജനകീയ പോലീസിങ്ങ്: ഒരു അവസരം കൊടുക്കുകയല്ലേ വേണ്ടത്

ജനകീയാസൂത്രണ പ്രസ്ഥാനം അതിന്റേതായ കുറവുകളും കുഴപ്പങ്ങളും ഉൾക്കൊള്ളുന്നുവെന്നും ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തെ ഉദ്ദേശിച്ച രീതിയിലൊന്നും മാറ്റിമറിക്കാൻ പോകുന്നില്ലെന്നും അതിന്റെ ഉപജ്ഞാതാക്കൾ തന്നെ ഇന്ന് തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, ജനകീയാസൂത്രണ പ്രസ്ഥാനം കുറേ സാദ്ധ്യതകൾ തുറന്നിട്ടുവെന്നതും, കഴിവും താല്പര്യവുമുള്ള പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, ഈ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നുണ്ട് എന്നതും കൺമുന്നിൽ കാണുന്ന സത്യമാണല്ലോ. ഈ പ്രസ്ഥാനം വഴി ജനങ്ങൾക്ക് വികേന്ദ്രീകരിച്ചു കിട്ടിയ അധികാരങ്ങൾ തീരെ നിസ്സാരമായിരിക്കാം.എങ്കിലും ഒന്നുമില്ലാത്തതിനേക്കാൾ അതു ഭേദമാണല്ലോ.

ചുരുക്കത്തിൽ, ജനകീയാസൂത്രണ പ്രസ്ഥാനം വേണ്ടേ വേണ്ട, അതിനു മുമ്പുണ്ടായിരുന്ന അവസ്ഥ മതി എന്ന് ആർക്കും പറയാനാവില്ല, അത്രയെങ്കിലും ആ പ്രസ്ഥാനം വിജയകരമാണ് എന്ന് സമ്മതിക്കുക.

ജനകീയാസൂത്രണ പ്രസ്ഥാനത്തെപ്പോലെതന്നെ, ഒന്നു പരീക്ഷിച്ചു നോക്കാനുള്ള അവസരമെങ്കിലും പുതിയ ജനകീയ പോലീസിംഗ് പദ്ധതിക്കും നൽകേണ്ടതല്ലേ? ഒരു പരീക്ഷണ സാദ്ധ്യതപോലും നൽകാതെ അതിനെ കൂവിയാർത്ത് എതിർത്തോടിപ്പിക്കേണ്ടതുണ്ടോ?

ജനകീയാസൂത്രണപ്രസ്ഥാനം പോലെ തന്നെ, ജനങ്ങൾ താൽപര്യമെടുത്തില്ലെങ്കിൽ പാഴായിപ്പോകുന്ന ഒരു സംവിധാനമാണ് ജനകീയ പോലീസിംഗും.

പോലീസിനെ കുറെക്കൂടി ജനകീയമാക്കാനും ജനങ്ങളെ കുറെക്കൂടി പോലീസാഭിമുഖ്യമുള്ളവരാക്കാനുമാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്.

ഇന്ന് കേരളത്തിലെ പോലീസ് സംവിധാനം ഏറ്റവും ജനവിരുദ്ധവും അഴിമതി നിറഞ്ഞതും വലിയൊരു പരിധിവരെ സാമൂഹ്യവിരുദ്ധവും മാഫിയാസ്വഭാവമുള്ളതുമായ ഒരുതരം അധോലോകമാണ്. അത് ഇനി ഇപ്പോഴുള്ളതിനേക്കാൾ മോശമാവാൻ വഴിയില്ല - കാരണം പരമാവധി മോശമാണ് അത് ഇപ്പോൾത്തന്നെ.

ഒരു സമൂഹത്തിൽ പോലീസ് നിർവ്വഹിക്കേണ്ട യാതൊരു സാമൂഹ്യ ഉത്തരവാദിത്തവും നിർവ്വഹിക്കാൻ നമ്മുടെ പോലീസ് സംവിധാനത്തിനാവുന്നില്ല. മന്ത്രിമാർക്ക് എസ്കോർട്ടുപോകാനും ഉത്സവങ്ങൾക്കും സമ്മേളനങ്ങൾക്കും കാവൽ നിൽക്കാനുമുള്ള വെറുമൊരു ഗൂർഖാ സംഘമായി, കോടതി സമൻസുകൾ കക്ഷികൾക്കെത്തിക്കാനുള്ള ശിപായിമാരായി മാത്രമാണ് അതിന്ന് പ്രവർത്തിക്കുന്നത്.

കേരളം കൂടുതൽ കൂടുതൽ ക്രിമിനൽ വൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കുറേക്കൂടി സന്നദ്ധമായ ഒരു പോലീസ് സംവിധാനം ഉണ്ടായേ തീരൂ എന്നതിൽ തർക്കമില്ലല്ലോ. ക്രിമിനൽവൽക്കരിക്കപ്പെടുന്ന ഒരു സമൂഹത്തിൽ ഓരോ പൗരനും തന്റേതായ പോലീസിംഗ് ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട് എന്നതും നിഷേധിക്കാനാവില്ല. അപ്പോൾ പിന്നെ എന്തുകൊണ്ട് ഒരു പരീക്ഷണത്തിന് സ്ഥലമനുവദിച്ചുകൂടാ?

മയക്കുമരുന്നുകൾ, വ്യാജവാറ്റ്, സാമ്പത്തിക തട്ടിപ്പ് നടത്തുന്ന സംഘങ്ങൾ, കൂട്ടത്തോടെയുള്ള ആത്മഹത്യകൾ, വർഗീയ വൈരം, രാഷ്ട്രീയ കൊലപാതകങ്ങൾ.... ഇതൊക്കെയാണല്ലോ ഇന്നത്തെ കേരളത്തിന്റെ നാട്ടിൻപുറം.

ഇത്തരമൊരു അശാന്ത സാഹചര്യത്തിൽ അവിടത്തെ പോലീസ് സേനയിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത് രണ്ടിലൊന്നാണ് - ഒന്നുകിൽ പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക. ഇതു രണ്ടും ചെയ്യാതെ കുറ്റവാളികളുടെ സംരക്ഷകരാവുക എന്ന കർത്തവ്യമാണ് ഇന്ന് ഇവിടെ പോലീസ് ചെയ്യുന്നത്.

ഒരു സമൂഹമെന്ന നിലയിൽ, ഇത്തരമൊരു മലീമസമായ പോലീസ് സേനയെ വെച്ചുകൊണ്ട്, കേരളത്തിനു മുന്നോട്ടുപോകാനാവില്ല. ആ സംവിധാനം ജനകീയമായ ഒരു ഇടപെടലിനുകൂടി അവസരം തരുന്ന വിധത്തിൽ പുനഃക്രമീകരിക്കാനൊരുങ്ങുമ്പോൾ അതിനൊരവസരം കൊടുക്കുകയാണ് വേണ്ടത്.